**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.47 12.06.2012 ൽ മറുപടിക്ക്

## വാഹനങ്ങളിലെ ഗ്ലാസ്സുകളുടെ കാര്യത്തിലെ നിബന്ധനകൾ

| ചോദ്യം<br>ശ്രീ. പി. ഉബൈദുള്ള<br>ശ്രീ. റ്റി.എ. അഹമ്മദ് കബീർ<br>ശ്രീ.പി.കെ. ബഷീർ<br>ശ്രീ. കെ.എം. ഷാജി | | ഉത്തരം<br>ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) വാഹനങ്ങളിൽ ഉപയോഗിക്കുന്ന ഗ്ലാസ്സുകളുടെ കാര്യത്തിൽ നിബന്ധനകൾ കർശനമാക്കി കൊണ്ടുള്ള സുപ്രീം കോടതിയുടെ വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിധിപ്പകർപ്പ് ലഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. ലഭിച്ചിട്ടുണ്ട്. |
| (ബി) വിധിയിലെ നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള വ്യവസ്ഥകൾ മോട്ടോർ വാഹന നിയമത്തിൽ നിലവിലുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച് വിവരം വിശദമാക്കുമോ; | (ബി) | 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 100(2) പ്രകാരം ഓരോ മോട്ടോർ വാഹനത്തിന്റെയും വിൻഡ് സ്ക്രീനിനും, റിയർ വിൻഡോയ്ക്കും 70%-ൽ കുറയാത്ത വിഷ്വൽ ട്രാൻസ്മിഷൻ ഉണ്ടായിരിക്കണം. വശങ്ങളിലെ വിൻഡോയിൽ ഉപയോഗിച്ചിരിക്കുന്ന ഗ്ലാസുകൾക്ക് ഏറ്റവും കുറഞ്ഞത് 50% വിഷ്വൽ ട്രാൻസ്മിഷൻ ഉണ്ടായിരിക്കുകയും ആയത് ഐ.എസ്.2553-പാർട്ട് 2-1992 നിലവാരത്തിൽ ഉള്ളവയായിരിക്കുകയും വേണം. ഡബ്ല്യു.പി.(സി) നം.265/11-ലെ 27.4.2012 ലെ വിധിയിലൂടെ ബ്ലാക്ക്ഫിലിം, സൺഫിലിം തുടങ്ങിയവ ഒട്ടിക്കുന്നത് ബഹു:സുപ്രീം കോടതി നിരോധിച്ചിട്ടുണ്ട്. വാഹനത്തിന്റെ വിൻഡ് സ്ക്രീനിലും, ഗ്ലാസ്സുകളിലും ബ്ലാക്ക് ഫിലിമും മറ്റും ഒട്ടിക്കുന്നത് സംബന്ധിച്ച് നിലവിലുള്ള മോട്ടോർ വാഹന നിയമങ്ങളിലോ ചട്ടങ്ങളിലോ പ്രതിപാദിച്ചിട്ടില്ല. |
| (സി) സുപ്രീം കോടതിയുടെ ഇക്കാര്യത്തിലുള്ള വിധി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (സി) | ബഹു:സുപ്രീം കോടതിയുടെ WP(C) 265/11 ലെ 27.4.2012 ലെ വിധിന്യായം സംസ്ഥാനത്തുടനീളം കർശനമായി നടപ്പാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ ഗതാഗത കമ്മീഷണർക്കും സംസ്ഥാന പോലീസ് മേധാവിയ്ക്കും കർശനമായ നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ |

| | | |
|---|---|---|
| | | അടിസ്ഥാനത്തിൽ ഗതാഗത കമ്മീഷണർ എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും , എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും , എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും, ചെക്ക് പോസ്റ്റിലെ എല്ലാ മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർക്കും സംസ്ഥാന പോലീസ് മേധാവി എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും സുപ്രീം കോടതി വിധി നടപ്പിൽ വരുത്തുന്നതിനുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വാഹനങ്ങളിൽ ഒട്ടിച്ചിരിക്കുന്ന ബ്ലാക്ക് ഫിലിമുകൾ മാറ്റിയില്ലെങ്കിൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നുള്ള വാർത്ത ആകാശവാണി വഴി പ്രക്ഷേപണം ചെയ്യുന്നതിനും വാർത്താ-ദൃശ്യമാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനും, സംപ്രേക്ഷണം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഈ വിഷയത്തിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ നിർദ്ദേശിച്ച് കൊണ്ട് എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും ഗതാഗത കമ്മീഷണർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) നിയമവ്യവസ്ഥകൾക്കു വിരുദ്ധമായ വിധത്തിലുള്ള ഗ്ലാസ്സുകൾ ഫിറ്റ് ചെയ്തിട്ടുള്ള വാഹനങ്ങളുടെ കാര്യത്തിൽ അവ മാറ്റി സ്ഥാപിക്കുന്നതിന് ന്യായമായ സമയം സുപ്രീം കോടതി അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അക്കാര്യത്തിൽ സർക്കാർ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ ? | (ഡി) | 27.04.2012-ലാണ് ബഹു സുപ്രീം കോടതിവിധി പ്രസ്താവിച്ചത്. 04.05.2012 തീയതി മുതൽ ഈ വിധി നടപ്പാക്കണമെന്നാണ് ബഹു. സുപ്രീം കോടതി ഉത്തരവായിട്ടുള്ളത്. പ്രസ്തുത തീയതി മുതൽ തന്നെ സുപ്രീം കോടതി വിധി നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ